**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 716** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>റാപ്പിഡ് റെസ്പോൺസ് ടീം ഉദ്യോഗസ്ഥരുടെ നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസിന് കീഴിലുള്ള റാപ്പിഡ് റെസ്പോൺസ് ടീമിൽ (ആർ.ആർ.ടി.) നിലവിൽ ഒരു ഡെപ്യൂട്ടി റേഞ്ച് ഓഫീസർ മാത്രമാണുള്ളതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ആർ.ആർ.ടി. -യിലേയ്ക്ക് ആവശ്യമുള്ള രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, ആറ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരെ അടിയന്തിരമായി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** പട്ടിക്കാട് ആർ.ആർ.ടി. -യിലേയ്ക്ക് തൃശ്ശൂർ ഡിവിഷൻ , പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ എന്നിവിടങ്ങളിൽ നിന്നും 2 സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, 5 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 2ഫോറസ്റ്റ് വാച്ചർമാർ എന്നിവരെ പുന:ക്രമീകരണത്തിലൂടെ നിയമിക്കുന്നതിന് ഉത്തരവായതിനെ തുടർന്ന് ജീവനക്കാരെ പുന:ക്രമീകരിച്ച് തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവായിട്ടുണ്ട്.

**(സി)** ആർ.ആർ.ടി. -ക്കായി എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിച്ച റെസ്ക്യൂ വാഹനത്തിന് ഡ്രൈവറെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പട്ടിക്കാട് ആർ.ആർ.ടി.-യിൽ സർക്കാർ അംഗീകൃത ഡ്രൈവർ തസ്തിക നിലവിലില്ലാത്തതിനാൽ, ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറെ നിയോഗിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**